പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3500 | 18.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| **കുട്ടികളിലെ പോഷകാഹാരക്കുറവ്** | |
| ചോദ്യം | ഉത്തരം |
| ശ്രീ. കെ. വി. വിജയദാസ് | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ആയത് ഫലപ്രാപ്തി കാണുന്നുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ഇക്കാര്യത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സാമൂഹ്യനീതി വകുപ്പിൽ ഐസിഡിഎസ് പദ്ധതി പ്രകാരം അംഗൻവാടികൾ വഴി 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് പോഷകാഹാരം നൽകി വരുന്നു. ആയതിൽ 6 മാസം മുതൽ 3 വയസ്സു വരെയുള്ള കുട്ടികൾക്കു അമൃതം ന്യൂട്രിമിക്സ് Take Home Ration ആയി നൽകി വരുന്നു. 3 മുതൽ 6 വയസ്സുവരെയുള്ള അംഗൻവാടി കുട്ടികൾക്ക് രാവിലെ 11 മണിക്ക് ലഘു ഭക്ഷണവും ഉച്ചയ്ക്ക് Noon feeding ഉം 3 മണിക്ക് General feeding ഉം നൽകുന്നുണ്ട്. 5 വയസ്സുവരെയുള്ള കുട്ടികളുടെ തൂക്കം ഗ്രോത്ത് ചാർട്ടിൽ പ്ളോട്ട് ചെയ്ത് പോഷകാഹാര കുറവ് കാണുന്ന കുട്ടികൾക്ക് ഡബിൾ റേഷൻ ഉൾപ്പെടെ നൽകി അവരുടെ പോഷകാഹാര കുറവ് പരിഹരിച്ചു വരുന്നുണ്ട്. കൂടാതെ പോഷകാഹാര കുറവ് പരിഹരിക്കുന്നതു സംബന്ധിച്ച് അംഗൻവാടി മുഖാന്തിരം ആവശ്യമായ ബോധവൽക്കരണവും നടത്തി വരുന്നുണ്ട്. |
| (ബി) പോഷകാഹാരക്കുറവുമൂലം ശിശുമരണം സംസ്ഥാനത്ത് സംഭവിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ജില്ലാടിസ്ഥാനത്തിൽ സ്ഥിതിവിവരക്കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (ബി) പോഷകാഹാരകുറവ് കൊണ്ട് ശിശുമരണം നടന്നതായി ശ്രദ്ധയിൽ-പ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ